## പതിമൂന്നാം കേരള നിയമസഭ

### പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 530

2014 ഡിസംബർ 2-ാം തീയതി മറുപടി നല്കേണ്ടത്

### കരാറുകാരുടെ കുടിശ്ശിക തുക കൊടുത്തുതീർക്കാൻ സ്വീകരിച്ച നടപടികൾ

ചോദ്യം

ശ്രീ. ബാബു. എം. പാലിശ്ശേരി

ഉത്തരം

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| എ) ഈ സർക്കാർ അധികാരത്തിൽ വന്നതി നുശേഷം നാളിതുവരെ കരാറുകാർക്ക് നല്കാനുള്ള കുടിശ്ശിക തുക എത്രയെന്ന് അറിയിക്കാമോ; | ഭരണ വകുപ്പിൽനിന്ന് ധനകാര്യ വകുപ്പിൽ ലഭിച്ച നിർദ്ദേശമനുസരിച്ച് പൊതുമരാമത്ത് (നിരത്ത്, പാലം) വകുപ്പിൽ 01.01.2014 മുതൽ 31.08.2014 വരെ 1343.47 കോടി രൂപയും, ഇതേ കാലയളവിൽ പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 260.51 കോടി രൂപയും, ജലവിഭവ വകുപ്പിൽ 01.01.2014 മുതൽ 31.07.2014 വരെ 61.42 കോടി രൂപയും ഉൾപ്പെടെ ആകെ 1665.40 കോടി രൂപ കരാറുകാർക്ക് കുടിശ്ശികയായി കൊടുത്തുതീർക്കാനുണ്ട്. |
| ബി) കരാറുകാർ പണിതീർത്ത് സമർപ്പിച്ചിട്ടുള്ള ബില്ലുകളിൽ ഏത് തീയതിവരെയുള്ള ബില്ലുകളാണ് അവസാനമായി കൊടുത്തു തീർത്തിട്ടുള്ളത്; | കരാറുകാർ പണിതീർത്ത് സമർപ്പിച്ചിട്ടുള്ള ബില്ലുകളിൽ 31.12.2013 വരെയുള്ള ബില്ലുകൾ കൊടുത്തുതീർക്കുവാനുള്ള ലറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്. |
| സി) യഥാസമയം തീർന്ന പണികളിൽ പണം | യഥാസമയം പണം ലഭിക്കാത്തതു കാരണം കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കാൻ |

| | |
|---|---|
| അനുവദിക്കാത്തതുമൂലം കരാറുകാർ സാമ്പത്തിക ബുദ്ധിമുട്ടുകളിൽപ്പെട്ട് പ്രവൃത്തി പാതിവഴിയിൽ ഉപേക്ഷിക്കുന്നതായും പുതിയ പ്രവൃത്തികൾ ഏറ്റെടുക്കാൻ വിമുഖത കാണിക്കുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ഡി) ഉണ്ടെങ്കിൽ കരാറുകാരുടെ കുടിശ്ശിക തുക കൊടുത്തു തീർക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കാമോ? | സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് കരാറുകാരുടെ കുടിശ്ശിക ഘട്ടംഘട്ടമായി കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ